<u>**15 -ാം കേരള നിയമസഭ**</u>

<u>**7 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2321**</u> <u>**12-12-2022 - ൽ മറുപടിയ്ക്ക്**</u>

<u>**ആർ.സി.സി.യിൽ കുടുംബശ്രീ വഴി നിയമനം**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ കുടുംബശ്രീ വഴി എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) | **തസ്തികകൾക്ക് സർക്കാർ അംഗീകാരം നല്കിയിട്ടില്ലാത്തതും ആശുപത്രിയുടെ നടത്തിപ്പിന് അത്യന്താപേക്ഷിതവുമായ ജോലിക്ക് കുടുംബശ്രീ നൽകുന്ന ജീവനക്കാരുടെ സേവനം റീജിയണൽ കാൻസർ സെന്റർ ഉപയോഗിക്കുന്നുണ്ട്. ഇങ്ങനെയുള്ള ജീവനക്കാരെ ആവശ്യാനുസരണം നൽകുന്നതിന് കുടുംബശ്രീ മിഷനുമായി ഔട്ട്സോഴ്സിംഗ് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഓരോ മാസത്തിലും ആവശ്യമുള്ള ജീവനക്കാരുടെ എണ്ണം വ്യത്യസ്തമായിരിക്കും. 250 നും 290 നും ഇടയിലുള്ള എണ്ണം ജീവനക്കാരെയാണ് വിവിധ മാസങ്ങളിൽ നിയമിച്ചിട്ടുള്ളത്.** |
| (ബി) | ഏത് ഗവേണിംഗ് ബോഡിയുടെ തീരുമാനപ്രകാരം ആണ് നിയമനം നടത്തിയതെന്നും ഇതിനായി പ്രതിമാസം എത്ര തുകയാണ് ചെലവഴിക്കുന്നതെന്നും ഏതെല്ലാം തസ്തികകളിലാണ് നിയമനം നടത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ? | (ബി) | ആർ.സി.സി. യുടെ 05/12/2009, 18/07/2016, 28/12/2017, 12/07/2021, 30/11/2021, 09/05/2022 എന്നീ തീയതികളിൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ റിസപ്ഷൻ സർവ്വീസ്, പേഷ്യന്റ്സ് എയ്ഡ് സർവീസ്,പേഷ്യന്റ്സ് ഗൈഡൻസ് സർവീസ്, ട്രാൻസ്പോർട്ടേഷൻ സർവീസ്, ഹൗസ് കീപ്പിംഗ് സർവീസ് മുതലായ മേഖലകളിൽ ഔട്ട് സോഴ്സിംഗ് നടത്തിയിട്ടുണ്ട്. ഓരോ മാസവും ആവശ്യാനുസരണം ജീവനക്കാരെ നൽകുന്നതിനാൽ ചിലവഴിക്കുന്ന തുകയും വ്യത്യസ്തമായിരിക്കും. 55 ലക്ഷത്തിനും 60 ലക്ഷത്തിനും ഇടയിലുള്ള തുകയാണ് വ്യത്യസ്ത മാസങ്ങളിലായി ചെലവ് വന്നിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ